## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

27.07.2015-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. T 5186

## സിവിൽ സർവ്വീസ് അക്കാദമികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസ് അക്കാദമികൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി പൊന്നാനിയിൽ ആരംഭിച്ചിട്ടുള്ള "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" ലും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന കോഴ്സുകൾ നടത്തി വരുന്നു. |
| (ബി) ഓരോ വർഷവും എത്രപേർക്കാണ് അഡ്മിഷൻ നൽകുന്നതെന്നും പരിശീലനം നേടിയ എത്ര പേർക്ക് സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നുവെന്നുമുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ; | (ബി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം കേന്ദ്രത്തിലും മറ്റ് ഉപകേന്ദ്രങ്ങളിലുമായി പ്രിലിമിനറി പരീക്ഷയ്ക്ക് പ്രതിവർഷം ശരാശരി 600 പേർക്കും മെയിൻ പരീക്ഷയ്ക്ക് 150 പേർക്കും ഇന്റർവ്യൂവിന് 100 പേർക്കും പരിശീലനം നൽകി വരുന്നു.<br>കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ 2005 മുതൽ പരിശീലനം |

നേടി സിവിൽ സർവ്വീസ് പരീക്ഷ എഴുതി യോഗ്യത നേടിയവരുടെ ലിസ്റ്റ് ചുവടെ കൊടുത്തിരിക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2005 | 8 |
| 2006 | 11 |
| 2007 | 10 |
| 2008 | 20 |
| 2009 | 17 |
| 2010 | 33 |
| 2011 | 31 |
| 2012 | 41 |
| 2013 | 45 |
| 2014 | 35 |

(സി) പുതിയ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ മലപ്പുറം കേന്ദ്രമാക്കി ഒരു സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) മലപ്പുറം ജില്ലയിലെ പൊന്നാനി കേന്ദ്രമാക്കി ന്യൂനപക്ഷവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" എന്ന സ്ഥാപനം നിലവിൽ പ്രവർത്തിച്ച് വരുന്നു. ഈ കേന്ദ്രത്തിൽ നിന്നും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം നൽകി വരുന്നുണ്ട്. പുതിയ സെന്റർ ആരംഭിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ